I ഇ.ബി. XIV - കേരള നിയമസഭ/I-7

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂൺ 30, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I. അടിയന്തരപ്രമേയം

എം.ബി.ബി.എസ്. പ്രവേശനം

മി. സ്പീക്കർ: സംസ്ഥാനത്ത് 2016-17 വർഷത്തിൽ എം.ബി.ബി.എസ്. പ്രവേശനത്തിന് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ആയിരത്തിൽപ്പരം സീറ്റുകൾ നഷ്ടപ്പെടുന്നതുമൂലം വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, റോഷി

അഗസ്റ്റിൻ, എം. ഉമ്മർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്തതുകൊണ്ടാണ് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സീറ്റ് നഷ്ടപ്പെടാനിടയായത്. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഒഴികെയുള്ള പതിനാല് സ്വകാര്യ മെഡിക്കൽ കോളേജുകളിലായി 1650 സീറ്റുകൾ ലഭ്യമായിരുന്ന സ്ഥാനത്ത് ഇപ്പോൾ 9 സ്വകാര്യ മെഡിക്കൽ കോളേജുകളിലായി 1050 സീറ്റുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എം.സി.ഐ. പരിശോധന കർശനമാക്കിയതിനെത്തുടർന്ന് കഴിഞ്ഞവർഷം അംഗീകാരമുണ്ടായിരുന്ന ഏഴ് മെഡിക്കൽ കോളേജുകളുടെ അംഗീകാരം പൂർണ്ണമായും രണ്ട് മെഡിക്കൽ കോളേജുകളുടെ അംഗീകാരം ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ നഷ്ടപ്പെട്ട അംഗീകാരം പുന:സ്ഥാപിക്കുന്നതിനും പുതുതായി അനുവദിച്ച മെഡിക്കൽ കോളേജുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

കേരളത്തിലെ പ്രധാനപ്പെട്ട അഞ്ച് മെഡിക്കൽ കോളേജുകളെ മുൻഗണനാ ക്രമത്തിൽ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാനും കൂടുതൽ സീറ്റുകൾ ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് പുതുതായി അനുവദിച്ച മെഡിക്കൽ കോളേജുകൾ മുൻഗണനാക്രമത്തിൽ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: ഈ സാമ്പത്തിക വർഷം ആയിരത്തോളം എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെട്ടതിലൂടെ മെഡിക്കൽ വിദ്യാഭ്യാസ രംഗം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങളുണ്ടാക്കുന്നതിനും മലയോര - പിന്നോക്ക പ്രദേശങ്ങളിലെ ജനങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനും പാർശ്വവത്കരിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരമൊരുക്കുന്നതിനുംവേണ്ടിയാണ് യു.ഡി.എഫ്. ഗവൺമെന്റ് ഓരോ ജില്ലയിലും ഓരോ മെഡിക്കൽ കോളേജ് എന്ന നിലയിൽ അഞ്ച് പുതിയ മെഡിക്കൽ കോളേജുകൾ അനുവദിച്ചത്. സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരുടെ അപര്യാപ്തത ഇപ്പോഴും നിലനിൽക്കുകയാണ്. മെഡിക്കൽ എൻട്രൻസ് പരീക്ഷ പാസ്സായ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ

പരിഹരിക്കുന്നതിനും സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ നഷ്ടപ്പെട്ട അംഗീകാരം വീണ്ടെടുത്ത് മെറിറ്റ് സീറ്റ് പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ടാണ് പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ സീറ്റുകൾ കുറഞ്ഞതെന്ന വാദഗതി ശരിയല്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ച തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജിൽ കുട്ടികൾക്ക് പഠിക്കാൻ അവസരമൊരുക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വസ്തുനിഷ്ഠമായ കാര്യങ്ങളല്ല ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജിന് അംഗീകാരം ലഭ്യമാക്കാനാവശ്യമായ സൗകര്യങ്ങൾ അറിയിക്കണമെന്നാണ് എം.സി.ഐ. ആവശ്യപ്പെട്ടത്. മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗവൺമെന്റ് അംഗീകാരം നേടിയെടുക്കാൻ ശ്രമിക്കുന്നതാണ്. കേരളത്തിൽ എയിംസ് അനുവദിക്കുമെന്ന കേന്ദ്ര ഗവൺമെന്റിന്റെ വാഗ്ദാനം നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനോ നിലവിലുള്ള മെഡിക്കൽ കോളേജുകൾ മെച്ചപ്പെടുത്തുന്നതിനോ

തയ്യാറാകാതെയാണ് പുതിയ മെഡിക്കൽ കോളേജുകൾ അനുവദിച്ചിരിക്കുന്നത്. ഗവൺമെന്റ് മേഖലയിൽ അനുവദിച്ച ഒരു മെഡിക്കൽ കോളേജും ഈ ഗവൺമെന്റ് നിർത്തലാക്കിയിട്ടില്ല. മെഡിക്കൽ വിദ്യാഭ്യാസം അവധാനതയോടുകൂടി കൈകാര്യം ചെയ്യുണമെങ്കിൽ റിസർച്ചടക്കമുള്ള സൗകര്യമൊരുക്കുകയാണ് വേണ്ടത്. ഈ ഗവൺമെന്റ് മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കും. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിലെ ആരോഗ്യ മേഖലയെ സമ്പുഷ്ടമാക്കുന്നതിനുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചിരുന്നു. സർക്കാർ ആശുപത്രികളിൽ സാധാരണ ജനങ്ങൾക്ക് ചികിത്സ ലഭ്യമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കും. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(എം.ബി.ബി.എസ്. പ്രവേശനത്തിന് സീറ്റ് നഷ്ടപ്പെടുത്തിയ ഗവൺമെന്റ് നടപടി തിരുത്തണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട ജില്ലകളിലെ എം.എൽ.എ.-മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുമെന്നും മറ്റുള്ളവർ സഭാനടപടികളുമായി സഹകരിക്കുമെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.)

II ശ്രദ്ധക്ഷണിക്കൽ

(1) അനധികൃത ക്വാറി/ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനം

ശ്രീ. സി. ദിവാകരൻ : സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനംമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ഖജനാവിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും ശക്തമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : കരിങ്കൽ ക്വാറികളുടെയും ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിയമവിധേയമാക്കുന്നതിനും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളും സ്ക്വാഡുകളും നടപടി സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച ചട്ടങ്ങൾ നിലവിൽ വന്നതോടെ പുതിയ ക്വാറികൾക്ക് അനുമതി നൽകുമ്പോൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുശാസിക്കുന്ന പാരിസ്ഥിതിക അനുമതി നിർബന്ധമാക്കുകയും അനധികൃത ഖനനത്തിന്

ഈടാക്കുന്ന പിഴയുടെ തോത് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്വാറികളുടെ പ്രവർത്തനത്തിന് പാരിസ്ഥിതിക അനുമതി നൽകുന്നതിനായി എല്ലാ ജില്ലകളിലും ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. നിലവിലെ സംവിധാനങ്ങൾ ജില്ലാതലങ്ങളിലും ശക്തിപ്പെടുത്തുന്നതോടെ അനധികൃത പാറ പൊട്ടിക്കലും ക്രഷർ യൂണിറ്റുകളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : അനധികൃത ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : പൊതു ഉടമസ്ഥതയിൽ ഖനനം നടത്തുന്നതിനാവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

## (2) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം

ശ്രീ. മോൻസ് ജോസഫ്: റബ്ബർ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം തുടരുന്നതിനും വിലസ്ഥിരതാ ഫണ്ട് മുഖേനയുള്ള തുക 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട കേന്ദ്ര സഹായം അടിയന്തരമായി

ലഭ്യമാക്കുന്നതിനും ഇറക്കുമതി നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞ കേന്ദ്ര സർക്കാർ തീരുമാനം തിരുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം അനുസരിച്ച് റബ്ബർ കർഷകർക്ക് നൽകിവരുന്ന സഹായം തുടരുന്നതാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുന്നതാണ്. ഇറക്കുമതി നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന കേന്ദ്ര സർക്കാർ നയത്തിനെതിരെ സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്നതുൾപ്പെടെയുള്ള കാര്യം ആലോചിച്ച് തീരുമാനിക്കുന്നതാണ്.

III **സബ്മിഷൻ**

(1) പുറ്റിങ്ങൽ വെടിക്കെട്ടപകടം

ശ്രീ. ജി. എസ്. ജയലാൽ: പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച ചികിത്സാസഹായവും നഷ്ടപരിഹാരവും സൗജന്യചികിത്സയും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പരവൂർ പുറ്റിങ്ങൽ വെടിക്കെട്ടപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് പത്തു ലക്ഷം രൂപ

സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആർക്കെങ്കിലും ലഭിച്ചിട്ടില്ലെങ്കിൽ അക്കാര്യവും പരിക്കേറ്റവർക്ക് ലഭ്യമാക്കുന്ന ധനസഹായത്തെ സംബന്ധിച്ച പരാതികളും ഗൗരവമായി പരിശോധിക്കുന്നതാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ആശ്വാസ ധനസഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും അത് ലഭ്യമായിട്ടില്ല. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റവർക്കും നിസ്സാര പരിക്കേറ്റവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. സൗജന്യചികിത്സ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും തുടർ ചികിത്സ ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുന്നതിനും കെട്ടിടനാശനഷ്ടവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(2) <u>പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ</u>

<u>ശ്രീ. പി. സി. ജോർജ് പ്ലാത്തോട്ടം</u> : പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനായി നിരാക്ഷേപ പത്രം നൽകുന്നതിന് എടുത്ത തീരുമാനം റദ്ദ് ചെയ്ത നടപടി പുന:പരിശോധിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>) : മുൻസർക്കാർ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വാഴൂർ അംബേദ്കർ മെമ്മോറിയൽ കോളേജ് ഉൾപ്പെടെയുള്ള 12 പുതിയ കോളേജുകൾ ആരംഭിക്കുന്നതിനായി നിരാക്ഷേപ പത്രം നൽകുന്നതിന് എടുത്ത തീരുമാനം നിലവിൽ റദ്ദ് ചെയ്തിട്ടില്ല. 1.1.2016 മുതൽ 3.4.2016 വരെ മുൻസർക്കാർ എടുത്ത മന്ത്രിസഭാ തീരുമാനങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. റിവ്യൂ കമ്മിറ്റിയുടെ അന്തിമ തീരുമാനത്തിനുശേഷം മാത്രമേ ഇത് സംബന്ധിച്ചുള്ള അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു.

(3) വിളനാശത്തിന് നഷ്ട പരിഹാരം

ശ്രീ. ഐ.സി. ബാലകൃഷ്ണൻ : വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി മേഖലകളിൽ വർഷങ്ങളായി ഉണ്ടാകുന്ന കാലവർഷക്കെടുതിയിലും കാർഷികത്തകർച്ചയിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഒരു പദ്ധതി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കാലാവസ്ഥ വ്യതിയാനംമൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സോയിൽ കൺസർവേഷനും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും കൃഷിവകുപ്പും ചേർന്ന് ഒരു പദ്ധതി തയ്യാറാക്കി ഗ്രൗണ്ട് വാട്ടർ ലെവൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതാണ്. 59 കോടി രൂപയാണ് 2013 മുതൽ കൃഷിക്കാർക്ക് കൊടുക്കാനുള്ള നഷ്ടപരിഹാരത്തുക. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ കടുത്ത വരൾച്ചമൂലം വലിയ നാശനഷ്ടമുണ്ടായി. 4995 കർഷകരുടെ വീടുകൾക്ക് കേടുപാട് സംഭവിച്ചു. കർഷകർക്ക് മുൻഗണനാക്രമത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിയെടുക്കും. കൃഷിക്കാവശ്യമായ നടീൽവസ്തുക്കളും പമ്പുസെറ്റുകളും വളവും സൗജന്യമായി വിതരണം ചെയ്യാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു.

(4) ബൈപ്പാസിന് സ്ഥലമേറ്റെടുക്കൽ

ഡോ. എൻ. ജയരാജ് : കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തണം

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് LARR Act 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 6.1.2016-ൽ സർക്കാർ ഉത്തരവാകുകയും അതിൻപ്രകാരം അർദ്ധനാധികാരി പുതിയ റിക്വിസിഷൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാഞ്ഞിരപ്പള്ളി വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. പുതിയ എൽ.എ.ആർ.ആർ. ആക്ട് അനുസരിച്ച് നഷ്ടപരിഹാരത്തുകയുടെ 35 ശതമാനം അർദ്ധനാധികാരി അടയ്ക്കേണ്ടതും ആവശ്യമെങ്കിൽ സോഷ്യൽ ഇംപാക്ട്

അസസ്മെന്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ്.

(5) മണൽ ഓഡിറ്റ്

ശ്രീ. പി. ടി. എ. റഹീം: ചാലിയാർ പുഴയിലെ മണൽ ഓഡിറ്റിന് സി.ഡബ്ല്യൂ.ആർ.ഡി.എം.-നെ ചുമതലപ്പെടുത്തി തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണ നിയമവും അനുബന്ധചട്ടവും അനുസരിച്ച് നദിക്ക് നാശം വരുത്താതെ മണൽ വാരുന്നതിനും മണൽ ഓഡിറ്റിംഗിനും നിയമം അനുശാസിക്കുന്നുണ്ട്. പ്രസ്തുത മണൽ ഓഡിറ്റിംഗിന് സർക്കാരിന്റെ അംഗീകൃത ഏജൻസികളായ എൻ.സി.ഇ.എസ്.എസ്., സി.ഡബ്ല്യൂ.ആർ.ഡി.എം. സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റു സ്വകാര്യ ഏജൻസികൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം 18 നദികളുടെ സാന്റ് ഓഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്. ചാലിയാർ പുഴയിലെ 6 കടവുകളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 7 കടവുകളിൽ വേനൽക്കാല ജലനിരപ്പിന് മുകളിലായി മണൽ ലഭ്യമല്ലാത്തതിനാൽ ഖനനത്തിന് അനുമതി നൽകാൻ നിർവ്വാഹമില്ല. കോഴിക്കോട് ജില്ലയിലെ കടവുകളിൽ സാന്റ് ഓഡിറ്റിന്റെ

അടിസ്ഥാനത്തിൽ ഖനനത്തിന് ആവശ്യമായ മണൽ ലഭ്യമല്ലാത്തതിനാൽ മണൽവാരുന്നത് അനുവദനീയമല്ല.

(6) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ആനുകൂല്യങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച ഓണറേറിയം തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിക്കാതെ ഗവൺമെന്റ് ഏറ്റെടുത്തുനൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം 01.04.2016 മുതൽ യഥാക്രമം 10,000 രൂപയും 7,000 രൂപയുമായി വർദ്ധിപ്പിച്ച് ഉത്തരവായി. വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ തനതുഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ വികസനഫണ്ടിൽനിന്നോ നൽകണമെന്ന വ്യവസ്ഥയോടുകൂടിയാണ് ഉത്തരവിറങ്ങിയത്. ഫണ്ടിന്റെ അഭാവംമൂലം വർദ്ധിപ്പിച്ച തുക നൽകാൻ സാധിക്കാത്ത വിവരം തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. വർദ്ധനവിന്റെ 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബാക്കി 50 ശതമാനം സർക്കാർ വിഹിതവുമായി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(7) കോട്ടക്കൽ ആയുർവേദ യൂണിവേഴ്സിറ്റി

ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ: ഗവേഷണത്തിനും ആയൂർവേദ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ഉതകുന്നതരത്തിൽ കോട്ടക്കൽ ആയൂർവേദ കോളേജിനെ ഒരു സർവ്വകലാശാലയാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോട്ടക്കൽ ആയൂർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി 22.01.2014-ലെ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലാ കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും സർവ്വകാലാശാലയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു. സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ശിപാർശ സമർപ്പിക്കണമെന്ന് ഭരണവകുപ്പിനോട് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ സർവ്വകലാശാലയുടെ സാധ്യതകൾ വിശദമായി വിലയിരുത്തുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതാണ്.

## (8) നൂറനാട് ലെപ്രസി സാനിട്ടോറിയത്തെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

ശ്രീ. ആർ. രാജേഷ്: നൂറനാട് ലെപ്രസി സാനിട്ടോറിയത്തെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 767 കിടക്കകളോടുകൂടിയ മാവേലിക്കര, നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ അന്തേവാസികളും രോഗികളുമായി നിലവിൽ 250-ഓളം പേരാണുള്ളത്. ആയതിനാൽ 100 കിടക്ക എന്ന നിലയിൽ കണക്കാക്കി ഈ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് 21.06.2016-ന് ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതുസംബന്ധിച്ച് വിശദമായ പരിശോധന നടത്തി തീരുമാനമെടുക്കുന്നതാണ്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, മെയിൽ-ഫീമെയിൽ വാർഡ് എന്നിവ നിർമ്മിക്കുന്നതിന് 2016-17-ലെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്താനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(9) പോളിടെക്നിക്കിന്റെ അംഗീകാരം

ശ്രീ. കെ. മുരളീധരൻ: വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിന്റെ അംഗീകാരം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ 2015-16 അദ്ധ്യയനവർഷത്തിൽ വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിനെ കൗൺസിലിന്റെ 'ബ്രേക്ക് ഇൻ എക്സ്റ്റൻഷൻ ഓഫ് അപ്രൂവൽ' വിഭാഗത്തിൽപ്പെടുത്തിയതുകൊണ്ടാണ് ഇപ്പോൾ

അംഗീകാരം നിഷേധിച്ചത്. യഥാസമയം ഓൺലൈനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും സാങ്കേതിക പിഴവുമൂലം not submited എന്നാണ് അപേക്ഷയുടെ സ്റ്റാറ്റസ് കാണിക്കുന്നത്. 2015-16-ൽ തുടർച്ചാനുമതി ലഭിക്കാതിരിക്കുവാനുള്ള സാഹചര്യവും അദ്ധ്യാപക തസ്തികകളുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കി പ്രിൻസിപ്പൽ 16.04.16-ന് കൗൺസിലിന്റെ അപ്രൂവൽ ബ്യൂറോയ്ക്ക് നൽകിയ കത്ത് സ്വീകരിച്ചില്ല. 25.05.2016-ന് കൗൺസിൽ മെമ്പർ സെക്രട്ടറിക്ക് ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന് ഉറപ്പുനൽകിക്കൊണ്ട് തുടർച്ചാനുമതി നൽകണമെന്ന് സെക്രട്ടറിതലത്തിൽ അപേക്ഷിച്ചതും നിഷേധിക്കപ്പെട്ടു. തുടർന്ന് 13.06.2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്കിന് അപ്രൂവൽ ഓഫ് എക്സ്റ്റൻഷൻ നൽകണമെന്നും AICTE കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തരനടപടി സ്വീകരിക്കുന്നതാണെന്നും ഉറപ്പുനൽകിക്കൊണ്ട് കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. 26 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഇന്നലെ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശപ്രകാരം പോളിടെക്നിക് പ്രിൻസിപ്പലിന്റെ

നേതൃത്വത്തിൽ ഒരു ടീം 30.06.2016-ന് ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ കൗൺസിൽ ഹെഡ്ക്വാർട്ടേഴ്സിൽ ഹാജരാക്കുന്നതാണ്. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിന്റെ അംഗീകാരം നിലനിർത്തുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(10) പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയലും റീ-സൈക്ലിംഗും

ശ്രീ. എ. പ്രദീപ് കുമാർ: പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ആരോഗ്യത്തിനും ഹാനികരമാകുന്ന പ്ലാസ്റ്റിക്ക് റീ-സൈക്കിൾ ചെയ്യുന്നതിനും പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം തടയുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് പാഴ്വസ്തു വ്യാപാരികളുടെ സഹായത്തോടെ വീടുകളിൽനിന്നും വ്യാപാരസ്ഥാപനങ്ങളിൽനിന്നും അവ ശേഖരിച്ച് റീസൈക്കിൾ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി കരാറിലേർപ്പെടുന്നതാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ ലഭ്യമാക്കുന്നതിനും

പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം സൃഷ്ടിക്കുന്ന ഭവിഷ്യത്തിനെക്കുറിച്ച് ബോധവൽക്കരണം നടത്താനും നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിൽ ഹരിത നിയമാവലി നടപ്പിലാക്കുന്നതാണ്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റീ-സൈക്ലിംഗിന് വിധേയമാക്കുന്നതിനുമുള്ള നടപടികളും പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾക്ക് പകരം തുണിസഞ്ചി വ്യാപകമാക്കുന്നതിന്റെ പ്രവർത്തനവും നടന്നുവരുന്നു.

## IV മേശപ്പുറത്തു വച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തു വച്ചു.

## V ക്രമപ്രശ്നം

സഭാസമ്മേളന കാലയളവിൽ നയപരമായ കാര്യങ്ങൾ സഭയ്ക്ക് പുറത്ത് പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നിയമസഭ സമ്മേളിക്കുന്ന അവസരത്തിൽ നയപരമായ കാര്യങ്ങൾ സഭയിൽ അറിയിക്കാതെ സഭയ്ക്ക് പുറത്ത്

പ്രഖ്യാപിക്കുന്നത് അനൗചിത്യവും കീഴ്‌വഴക്കങ്ങളുടെ ലംഘനവുമാണ്. ഇതുസംബന്ധിച്ച റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ സമ്മേളിക്കുമ്പോൾ നയപരമായ കാര്യങ്ങൾ സഭയ്ക്ക് പുറത്തുപറയാൻ പാടില്ലാത്തതാണ്. അത് മന്ത്രിമാർ പാലിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ സർക്കാരിന്റെ നയം മന്ത്രിമാരോട് മാധ്യമപ്രവർത്തകർ ചോദിച്ചപ്പോൾ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലൂന്നിക്കൊണ്ടുള്ള മറുപടി പറയുകമാത്രമാണ് ചെയ്തത്. നയപരമായ ഒരു കാര്യവും സഭയ്ക്കുപുറത്ത് വെളിപ്പെടുത്തുക എന്ന ഉദ്ദേശം സർക്കാരിനില്ല.

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ സഭയിൽത്തന്നെ പ്രഖ്യാപിക്കുകയാണ് കീഴ്‌വഴക്കം. നിയമനിർമ്മാണസഭകൾ അംഗീകരിച്ചുപോരുന്ന ഒരു പൊതുതത്വം കൂടിയാണിത്. രാഷ്ട്രീയപ്പാർട്ടികൾ തങ്ങളുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലൂടെ ജനങ്ങളെ അറിയിച്ച കാര്യങ്ങൾ സഭയ്ക്ക് പുറത്ത് ആവർത്തിച്ചാൽ അത് നയപരമായ

പ്രഖ്യാപനമായിത്തീരുമോയെന്നത് ചർച്ചചെയ്യപ്പെടേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതും വിവിധ മന്ത്രിമാർ സഭയ്ക്ക് പുറത്ത് പറഞ്ഞതായി പറയപ്പെടുന്നതുമായ കാര്യങ്ങൾ സർക്കാരിന്റെ നയപരമായ കാര്യങ്ങളാണെന്ന് പറയാനാകില്ല. അവയിൽ പലതും സർക്കാരിന്റെ ഭരണപരമായ കാര്യങ്ങളാണെന്നാണ് ചെയറിന്റെ പക്ഷം. എന്നിരുന്നാലും ഉയർന്ന പാർലമെന്ററി മൂല്യങ്ങൾ കാത്തുസൂക്ഷിക്കാൻ ബാധ്യതയുള്ള സഭ സമ്മേളിക്കുന്ന അവസരങ്ങളിൽ സഭയിലെ മുൻ അദ്ധ്യക്ഷൻമാർ റൂൾ ചെയ്തിട്ടുള്ളതുപോലെ നയപരമായ കാര്യങ്ങൾ സഭയ്ക്കുള്ളിൽ തന്നെ പ്രഖ്യാപിക്കണമെന്ന പാർലമെന്ററി കീഴ്‌വഴക്കം തുടർന്നും പാലിക്കേണ്ടതാണെന്ന് ചെയർ നിർദ്ദേശിക്കുന്നു.

28.6.2016-ന് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത് ശ്രീ. പി. ഉണ്ണി നടത്തിയ പരാർശം സഭയെ തെറ്റിദ്ധരിപ്പിക്കലാണെന്നും മലപ്പുറം ജില്ലയിൽ അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്നും അങ്ങനെയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പറയണമെന്നും ശ്രീ. പി. ഉബൈദുള്ള പോയിന്റ് ഓഫ് ഓർഡറിലൂടെ ആവശ്യപ്പെട്ടിരുന്നു. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട അംഗം പ്രസംഗമദ്ധ്യേ നടത്തിയ പരാമർശത്തെ

മറ്റൊരു അംഗം എതിർത്തുകൊണ്ടിടപെട്ടുവെന്നതല്ലാതെ സഭാ രേഖയിൽ നിന്നും വാക്കുകൾ നീക്കം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ചട്ടത്തിന്റെ പരിധിയിൽ ഇക്കാര്യം ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

28.6.2016-ന് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത് ശ്രീ. പി. ടി. തോമസ് നടത്തിയ പരാമർശത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഒരു ക്രമപ്രശ്നം ഉന്നയിക്കുകയും പ്രസ്തുത പരാമർശത്തിലടങ്ങിയ കാര്യം തെളിയിക്കുന്നതുവരെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ലെന്ന് അഭ്യർത്ഥിക്കുകയും പ്രസ്തുത കാര്യം വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ രേഖയിലുണ്ടാകില്ലെന്ന് ചെയർ റൂൾ ചെയ്യുകയും ചെയ്തിരുന്നു. അങ്ങനെ റൂൾ ചെയ്യുന്നത് കീഴ്‌വഴക്കങ്ങൾക്കും ചട്ടങ്ങൾക്കും യോജിക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചു. ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായമുണ്ടായതിനാൽ ഇതുസംബന്ധിച്ച് റൂൾ ചെയ്യാമെന്ന് ചെയർ അറിയിച്ചിരുന്നു. വസ്തുനിഷ്ഠമായി തെളിയിക്കുന്നതുവരെ നീക്കംചെയ്യുന്നു എന്ന റൂളിംഗ്കൊണ്ട് ചെയർ ഉദ്ദേശിച്ചത് പ്രസ്തുത പരാമർശം വസ്തുനിഷ്ഠമാണോയെന്ന്

വിശദമായി പരിശോധിച്ചശേഷം അന്തിമ തീരുമാനമെടുക്കാമെന്നുമാത്രമാണ്. ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ശ്രീ. പി. ടി. തോമസ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ നടത്തിയ പരാമർശം വസ്തുതാപരമായിരുന്നില്ല. പ്രസ്തുത പരാമർശം ചട്ടം 307 അനുസരിച്ച് സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നു. ഇക്കാര്യത്തിൽ ചട്ടം 288 പ്രകാരം പേഴ്സണൽ എക്സ്പ്ലനേഷന് അനുമതി ചോദിച്ചുകൊണ്ട് ശ്രീ. പി.ടി.തോമസ് ചെയറിന് കത്ത് നൽകിയിരുന്നു. ചട്ടം 307 പ്രകാരം സഭാ രേഖയിൽ നിന്ന് നീക്കം ചെയ്യുന്ന വിഷയത്തെ സംബന്ധിച്ച് ചെയർ നടത്തിയ പരാമർശത്തിൻമേൽ ചട്ടം 288 പ്രകാരമുള്ള പേഴ്സണൽ എക്സ്പ്ലനേഷന് അംഗങ്ങൾക്ക് അവസരമില്ലാത്തതിനാൽ ആയത് അദ്ദേഹം ഉന്നയിക്കേണ്ടതില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

**ക്രമപ്രശ്നം**

<u>ധവളപത്രം മലയാളത്തിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. സി. ജോസഫ്:</u> സഭയിൽ സമർപ്പിക്കേണ്ട രേഖകൾ മലയാളത്തിലായിരിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച ധവളപത്രം മലയാള ഭാഷയിൽ ലഭ്യമാക്കാൻ

നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കഴിഞ്ഞ സർക്കാർ രണ്ട് തവണ ധവളപത്രം അവതരിപ്പിച്ചതും ഇംഗ്ലീഷ് ഭാഷയിലായിരുന്നു. ധവളപത്രത്തിന്റെ കോപ്പി മലയാള ഭാഷയിൽക്കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ധവളപത്രത്തിന്റെ കോപ്പി ഇംഗ്ലീഷ് ഭാഷയിൽ ലഭ്യമാക്കണമെന്ന് കീഴ്‌വഴക്കമുണ്ട്. മലയാള ഭാഷയിൽക്കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എം. എം. മണി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മുൻസർക്കാരിന്റെ നയവൈകല്യംമൂലം പ്രതിസന്ധിയിലായ കേരളീയസമൂഹത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ദിശാ ബോധത്തോടുകൂടിയ നിർദ്ദേശങ്ങളാണ് നയപ്രഖ്യാപനത്തിൽ

ഉൾക്കൊള്ളിച്ചിട്ടുള്ളത്. വിദ്യാഭ്യാസമടക്കമുള്ള സമസ്ത മേഖലകളുടെയും പ്രവർത്തനം മുൻസർക്കാർ അട്ടിമറിച്ചിട്ട് അധികാരത്തിൽ വന്ന് ഒരു മാസമായ ഈ സർക്കാരിനെ കുറ്റപ്പെടുത്താനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന് നിയമസഭ ഐകകണ്ഠ്യേന തീരുമാനമെടുത്തെങ്കിലും മുൻസർക്കാരിന്റെ നയവൈകല്യംമൂലം കോടതി കേരളത്തിനെതിരായ നിലപാട് സ്വീകരിക്കുകയാണുണ്ടായത്.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുമെന്നും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി പുതിയ വകുപ്പ് രൂപീകരിക്കുമെന്നുമുള്ള പ്രഖ്യാപനത്തിന് കടകവിരുദ്ധമായ രീതിയാണ് തലശ്ശേരിയിൽ ദളിത് പെൺകുട്ടികൾക്ക് നേരെയുണ്ടായ അക്രമം. ജീവനക്കാരുടെ കഴിവ് വിശ്വാസത്തിലെടുക്കാതെ സിവിൽ സർവ്വീസ് ശക്തിപ്പെടുത്തുമെന്ന നിലപാടുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹാസിൻ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയെ തകർത്ത് സ്വകാര്യമാനേജ്മെന്റുകളെ പ്രൊമോട്ട്

ചെയ്യുന്ന നടപടിയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. മനുഷ്യത്വ മുഖമുള്ള വികസന ചിന്തയിലൂടെയും അഴിമതിവിരുദ്ധ നടപടികളിലൂടെയും നാടിനെ വികസനോന്മുഖമാക്കാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം കുറച്ചും അകമ്പടി വാഹനങ്ങൾ ഉപേക്ഷിച്ചും ധൂർത്ത് ഒഴിവാക്കാനുള്ള ശ്രമത്തെ അഭിനന്ദിക്കുന്നു. ഒഴിവുകൾ കൃത്യമായി പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെയും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെയും ശാക്തീകരിക്കാനും കൂടുതൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുമുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നന്ദിപ്രമേയത്തെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ വികസന അടിത്തറയിൽനിന്ന് മുന്നോട്ടുപോകുന്നതിനു പകരം പുതിയൊരു അഴിച്ചുപണി നടത്താൻ ശ്രമിക്കുന്നത് സംസ്ഥാനത്തിന് ഗുണകരമല്ല. ഐ.റ്റി. ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ ഇന്ത്യയ്ക്കുതന്നെ മാതൃകയാകുന്ന വിധത്തിൽ കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റിയ യു.ഡി.എഫ്. സർക്കാരിന്റെ നടപടിയെ വിമർശിക്കുന്നതും സാമൂഹ്യനീതി രംഗത്ത് ജനങ്ങൾക്കുണ്ടായിട്ടുള്ള നേട്ടങ്ങളെ വിലകുറച്ച് കാണുന്നതും ശരിയായ രീതിയല്ല. ഐ.റ്റി. മേഖലകളിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന നിലപാട്

സ്വീകരിക്കണം.

ശ്രീ. ബി. ഡി. ദേവസ്സി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിൽ പുതിയ അടിത്തറ കെട്ടിപ്പടുക്കുന്ന നയസമീപനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കർഷകർക്ക് ആത്മവിശ്വാസം നൽകുന്ന നയങ്ങൾ പ്രഖ്യാപിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് മുൻഗണന നൽകുന്നതിനും ആയിരം രൂപയാക്കി വർദ്ധിപ്പിച്ച ക്ഷേമപെൻഷനുകൾ വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടിയെ അഭിനന്ദിക്കുന്നു. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനും മലയോര – പുറമ്പോക്ക് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനും പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിനർഹമായ ജലം നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം. സിവിൽ സർവ്വീസ് മേഖലയെ അഴിമതിവിമുക്തവും കാര്യക്ഷമവുമാക്കണം. പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽ നിന്ന് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാനും നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ

ഗവൺമെന്റിന്റെ ജനോപകാരപ്രദമായ തീരുമാനങ്ങളിൽ അപാകതകളുണ്ടെങ്കിൽ തിരുത്തുന്നതിനുപകരം അവ മാറ്റിമറിച്ച് ജനങ്ങളെ ദ്രോഹിക്കുന്ന നിലപാട് സ്വീകരിച്ചാൽ പ്രതിപക്ഷത്തിന് ശക്തമായി എതിർക്കേണ്ടിവരും. രാജ്യത്തൊട്ടാകെ സാമ്പത്തിക മാന്ദ്യം നിലനിൽക്കുമ്പോഴും വികസന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും മുടങ്ങിപ്പോകാതെ മുന്നോട്ടുകൊണ്ടുപോകാനുള്ള നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. എം.ബി.ബി.എസ്. പ്രവേശനത്തിന് ആയിരത്തോളം സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമോയെന്ന് പരിശോധിക്കണം. ഡിസ്കൗണ്ടിംഗ് ബിൽ സിസ്റ്റം മുന്നോട്ടുകൊണ്ടുപോകാനും അടച്ചുപൂട്ടിയ കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകൾ തുറന്നുപ്രവർത്തിപ്പിക്കാനും നടപടി സ്വീകരിക്കണം. വികസന വിരുദ്ധമായ നിലപാടുകൾ പ്രതികാര ബുദ്ധിയോടുകൂടി സ്വീകരിക്കുന്ന നടപടി ജനാധിപത്യത്തിന് ഭൂഷണമല്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വർഗ്ഗീയതയ്ക്കും അഴിമതിക്കുമെതിരെയുള്ള ജനവിധിയാണ് കേരളജനത എൽ.ഡി.എഫ്. സർക്കാരിന് നൽകിയിരിക്കുന്നത്. അഴിമതി തുടച്ചു നീക്കുന്നതിനും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും ധൂർത്തും അവസാനിപ്പിക്കുന്നതിനുമുള്ള

നടപടികൾ സ്വീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ജാതി തിരിച്ച് കോളേജുകൾ അനുവദിക്കുന്ന കാര്യത്തിലും പൊതുമരാമത്ത് ഉൾപ്പെടെയുള്ള മേഖലകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. എല്ലാവർക്കും കുടിവെള്ളം എത്തിക്കുന്നതിനും ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും സ്പോർട്സ് വകുപ്പിലെ അഴിമതി അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. സമാന സ്വഭാവമുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകീകരണത്തിലൂടെ ചെലവു ചുരുക്കൽ നടപടിയുമായി മുന്നോട്ടുപോകണം.

ശ്രീ. വി. ജോയി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നയമെന്ന സർക്കാരിന്റെ നിലപാട് പ്രശംസനീയമാണ്. ക്ഷേമപെൻഷനുകൾ വീട്ടിലെത്തിക്കുമെന്നും ദുർബലരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പരാതികൾക്ക് മുന്തിയ പരിഗണന നൽകുമെന്നും അഴിമതി നിർമ്മാർജ്ജനം ചെയ്യുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. സ്വാശ്രയ കോളേജ് പ്രശ്നം രമ്യമായി പരിഹരിക്കാൻ സാധിച്ചുവെന്നത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്.

ശ്രീ. ഒ. രാജഗോപാൽ : ഗ്യാസ് പൈപ്പ്‌ലൈൻ പൂർത്തീകരിക്കുമെന്നും

തിരുവല്ലത്ത് ഫിലിം സിറ്റി സ്ഥാപിക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. ജനപങ്കാളിത്തത്തോടെയുള്ള വികസനം എന്നത് ശരിയായ കാഴ്ചപ്പാടാണ്. എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം നടപ്പാക്കേണ്ടത് വാട്ടർ മാനേജ്മെന്റിനെ സഹായിക്കുന്ന രീതിയിലാകണം . വികസനം സാദ്ധ്യമാക്കുന്നതിനായി സ്വകാര്യ നിക്ഷേപത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കണം. കേരളത്തിന്റെ അതുല്യമായ സംസ്കാരം പരിപോഷിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിലും പ്രത്യേക ശ്രദ്ധയുണ്ടാകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. ദാസൻ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മുൻ സർക്കാരിന്റെ മദ്യനയം അശാസ്ത്രീയമായിരുന്നു. ബാറുകൾ പൂട്ടിയതിന്റെ ഫലമായി വ്യാജമദ്യം വ്യാപിക്കുന്നതിന് ഇടയായി. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും മതത്തിന്റെ പേരിൽ തമ്മിലടിപ്പിക്കുന്ന നിലപാട് ഇല്ലാതാക്കാനും ആവശ്യമായ നടപടി സ്വീകരിക്കും. മത്സ്യമേഖലയിൽ ഡോ. എസ്. അയ്യപ്പൻ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പാക്കും. മത്സ്യത്തൊഴിലാളി ഡാറ്റാ ബാങ്ക്, ഫാമിലി കാർഡ്, തീരസുരക്ഷയ്ക്ക് മറൈൻ ബറ്റാലിയൻ, മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ തുടങ്ങിയവ നടപ്പാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. 25 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം യുവജനങ്ങളിലും രക്ഷിതാക്കളിലും

വലിയ പ്രതീക്ഷയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, ഇലക്ട്രോണിക്സ്, ടൂറിസം, കൃഷി, വാണിജ്യം, ചെറുകിട വ്യവസായം, നിർമ്മാണമേഖല തുടങ്ങിയ മേഖലകളിലൊക്കെ പുതിയ അവസരങ്ങളുണ്ടാക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ കാലോചിതമായി വർദ്ധിപ്പിച്ചത് ദുർബല വിഭാഗങ്ങൾക്ക് ആശ്വാസകരമാണ്. വിലക്കയറ്റം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുമെന്നും പൊതുവിപണിയിൽ ശക്തമായി ഇടപെടുമെന്നും കൂടുതൽ മാവേലി സ്റ്റോറുകളും പെട്രോൾ ബങ്കുകളും എൽ.പി.ജി. വിപണന കേന്ദ്രങ്ങളും തുറക്കുമെന്നുമുള്ള പ്രഖ്യാപനം സാമാന്യജനങ്ങൾക്ക് ആശ്വാസമാണ്. അഞ്ച് വർഷമായി മുടങ്ങിക്കിടക്കുന്ന സൈബർ പാർക്കിന്റെ നിർമ്മാണം ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും താലൂക്ക്, ജില്ലാ ആശുപത്രികളെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്തുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : നന്ദിപ്രമേയത്തെ എതിർക്കുന്നു. പാഴ്ച്ചെലവുകൾ ഒഴിവാക്കി സാമ്പത്തികരംഗം മെച്ചപ്പെടുത്തുമെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങിന് മാത്രം 35,50,794 രൂപയാണ് ചെലവഴിച്ചത്. മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി.

വഴി 1,54,238 പേർക്ക് നിയമനം നൽകി. 2005-ൽ യു.ഡി.എഫ്. ഗവൺമെന്റ് ലാന്റ് റിഫോംസ് (അമെൻമെന്റ്) ബിൽ കൊണ്ടുവന്നപ്പോൾ നഖശിഖാന്തം എതിർത്ത ഇടതുപക്ഷം തന്നെയാണ് ഇപ്പോൾ കശുവണ്ടിക്ക് പ്ലാന്റേഷൻ പദവി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുമെന്ന് പറഞ്ഞിരിക്കുന്നത്. യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടിയ ബാറുകൾ പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ തുറക്കുമോ എന്ന് വ്യക്തമാക്കാൻ സർക്കാർ തയ്യാറാകണം. മാവേലി സ്റ്റോറുകൾവഴി വില്പന നടത്തുന്ന ഉല്പന്നങ്ങളുടെ വില അഞ്ചു വർഷത്തേയ്ക്ക് വർദ്ധിപ്പിക്കില്ല എന്ന പ്രകടന പത്രികയിലെ വാഗ്ദാനത്തിൽ നിന്നും വ്യത്യസ്തമായി സബ്സിഡി സാധനങ്ങളുടെ വില മാത്രം വർദ്ധിപ്പിക്കില്ല എന്നാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. വൻകിട പദ്ധതികളെ സംബന്ധിച്ച യു.ഡി.എഫ്. നയം അംഗീകരിച്ചത് സന്തോഷകരമാണ്. മന്ത്രിസഭാ സമ്മേളനത്തിനുശേഷമുള്ള പത്രസമ്മേളനം ഒഴിവാക്കി മാധ്യമങ്ങളെ അകറ്റിനിർത്തുന്ന മുഖ്യമന്ത്രിയുടെ സമീപനം ശരിയല്ല. സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായ പോരാട്ടം സംഘടിപ്പിച്ചുകൊണ്ട് പ്രതിപക്ഷം മുന്നോട്ടുപോകും.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കാർഷിക രംഗത്തും പൊതുഭരണരംഗത്തും സ്വീകരിച്ച സമീപനങ്ങൾ ഈ

സർക്കാരിന്റെ ജനപക്ഷ നിലപാടുകളുടെ ഭാഗമാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാർ നടത്തും. മുൻ സർക്കാരിന്റെ നല്ല നയങ്ങൾ പിന്തുടരുന്നതിന് ഈ സർക്കാരിന് യാതൊരു വിമുഖതയുമില്ല. ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുമ്പോൾ കണ്ണൂർ, കാസർഗോഡ് ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ച മുൻസർക്കാരിന്റെ നടപടി വിചിത്രമാണ്. മുൻസർക്കാർ സീറോ ലാൻഡ് ലെസ് പദ്ധതിയുടെ ഭാഗമായി പലയിടത്തും ഭൂരഹിതർക്ക് പതിച്ചുകൊടുത്ത വാസയോഗ്യമല്ലാത്ത ഭൂമി സംബന്ധിച്ച പരാതികൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും. ദീർഘകാലമായി ഭൂമി കൈവശം വച്ചിരിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് നിയമപരമായി ആ ഭൂമി അനുവദിക്കാൻ കഴിയുമോയെന്നകാര്യം പരിശോധിക്കും. 1/1/1977-ന് മുമ്പ് ഭൂമി കൈവശമിരിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. മലയോര കൈവശ കൃഷിക്കാർക്ക് ഉപാധിരഹിത പട്ടയം അനുവദിക്കണമെന്ന ആവശ്യം നിയമപരമായി പരിശോധിച്ച് നടപടിയെടുക്കും. റവന്യൂ പുറമ്പോക്ക ഭൂമിയുടെ കാര്യത്തിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ അഭിപ്രായംകൂടി പരിഗണിച്ച് നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് തീരുമാനമെടുക്കും. മറ്റു ജില്ലകളിൽ കൃത്യമായി വെരിഫിക്കേഷൻ നടത്തിയെങ്കിലും

പകരം ഭൂമി കണ്ടെത്താൻ കഴിയാത്തതിനാൽ ഭൂമി വിതരണം ചെയ്യുന്നകാര്യം ആലോചിച്ച് തീരുമാനം എടുക്കുന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റ് 2012 ഒക്ടോബർ മാസത്തിൽ നിർത്തിവച്ച റീസർവ്വേ നടപടികളിന്മേൽ കാലോചിതമായ പരിഷ്കാരങ്ങളും തുടർനടപടികളും ഉണ്ടാകുന്നതാണ്. രാജമാണിക്യം റിപ്പോർട്ടുകൾ ഉൾപ്പെടെയുള്ളവ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്) : ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട നിരവധി സ്ഥലങ്ങളിൽ ഭൂമി കയ്യേറ്റം നടക്കുന്നത് തടയാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു കാരണവശാലും പുതിയ കയ്യേറ്റങ്ങൾ നടത്താൻ പാടില്ലെന്ന കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി എവിടെയൊക്കെ ഉണ്ടെന്നുള്ളതു സംബന്ധിച്ചും ഏതു തരത്തിൽ പൊതു കാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുമെന്നതു സംബന്ധിച്ചും ഡാറ്റ തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ജലവിഭവ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ട്രഷറിയിൽ 1643 കോടി രൂപ മിച്ചമുണ്ടായിരുന്നുവെന്ന് മുൻമുഖ്യമന്ത്രി വെളിപ്പെടുത്തിയത് ശരിയല്ലയെന്നാണ് ധവളപത്രം വ്യക്തമാക്കുന്നത്. അടിയന്തരവും അനിവാര്യവുമായിരുന്ന ചെലവുകൾ

കിഴിച്ചാൽ 173 കോടി രൂപ ട്രഷറിയിൽ ക്യാഷ് ബാലൻസ് കമ്മിയാണുണ്ടായിരുന്നത്. അടിയന്തരമായി കൊടുത്തുതീർക്കേണ്ട മറ്റു ബാധ്യതകൾ കണക്കിലെടുത്താൽ 10000 കോടി രൂപ കമ്മിയാണ്. വരുമാനം വർദ്ധിപ്പിക്കാതെ കഴിഞ്ഞ സർക്കാർ ചെലവ് ചെയ്തതിന്റെ ഫലമായി റവന്യൂകമ്മി 2.65 ശതമാനമായി ഉയർന്നു. 2011-ൽ 3673 കോടി രൂപയായിരുന്ന റവന്യൂ കമ്മി 2015-ൽ 13795 കോടി രൂപയായി വർദ്ധിച്ചു. റവന്യൂകമ്മി പൂജ്യത്തിൽ എത്തിക്കുമെന്നാണ് യു.ഡി.എഫ്. ഗവൺമെന്റ് അവകാശപ്പെട്ടിരുന്നത്. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 2006-2011 കാലയളവിൽ 17.2 ശതമാനമായിരുന്നത് 2011-2016-ൽ 12.4 ശതമാനമായി കുറഞ്ഞതിന്റെ കാരണവും ധവളപത്രം കൃത്യമായി വ്യക്തമാക്കിയിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളും ഒരു തരത്തിലുള്ള ഉപദ്രവത്തിനും ഇരയാകാൻ പാടില്ല എന്നുള്ളതാണ് ഗവൺമെന്റ് നയം. ഭരണനിർവ്വഹണം എങ്ങനെയാകണമെന്നതു സംബന്ധിച്ച വ്യക്തമായ ധാരണ ഈ സർക്കാരിനുണ്ട്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ഒരുമിച്ചെടുത്ത നിലപാടിൽത്തന്നെയാണ് ഈ സർക്കാർ ഉറച്ചുനിൽക്കുന്നത്. മദ്യനയം യഥാസമയം പ്രഖ്യാപിക്കുന്നതാണ്. ഭരണനിർവ്വഹണത്തെ സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായ ധാരണയും ദർശനവുമുണ്ട്. ഊർജ്ജസ്വലവും ജനസൗഹൃദപരവും കാര്യക്ഷമവുമായ പ്രവർത്തനത്തിലൂടെ ജനജീവിതത്തിൽ

ഫലപ്രദമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ശക്തമായ ഭരണനിർവ്വഹണവും വ്യക്തമായ നയസമീപനവും കൃത്യമായ നടത്തിപ്പും അനിവാര്യമാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക് സംരക്ഷണം നൽകുന്നതോടൊപ്പം ജനോപകാരപ്രദമായ കാര്യങ്ങൾ എങ്ങനെ സാധ്യമാക്കാൻ കഴിയുമെന്നത് പരിശോധിച്ച് വേണ്ടത് ചെയ്യുക എന്ന സന്ദേശമാണ് ജീവനക്കാർക്ക് ഗവൺമെന്റ് നൽകുന്നത്. ജനസേവകർ എന്ന ബോധത്തോടുകൂടി ജനങ്ങൾക്ക് അനുകൂലമായ ഫലം സൃഷ്ടിക്കുന്ന ഉദ്യോഗസ്ഥ സംസ്കാരം വളർത്തിയെടുക്കണം. സമയബന്ധിതമായി കാര്യങ്ങളിൽ തീർപ്പുകൽപ്പിക്കാൻ കഴിയണം. സത്യസന്ധരായ ഉദ്യോഗസ്ഥർ പീഡിപ്പിക്കപ്പെടുന്ന അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകും. ഭരണരംഗത്ത് സാങ്കേതികജ്ഞാനം വിനിയോഗിക്കാൻ കഴിയണം. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ, എൻഡോസൾഫാൻ ദുരിതബാധിതർ, ശാരീരികമായി വൈഷമ്യം നേരിടുന്നവർ, മാരക രോഗബാധിതർ തുടങ്ങിവർക്ക് പ്രത്യേക സംരക്ഷണം നൽകും. സ്ത്രീകളുടെ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തും. സർക്കാരിന്റെ പ്രധാന വകുപ്പുകൾ സംബന്ധിച്ച് കരട് നയം രൂപീകരിക്കും. വിവരാവകാശ നിയമപ്രകാരമല്ലാതെ പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്തും. ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി കൺസോർഷ്യം രൂപീകരിക്കും. അടിസ്ഥാന ഘടനാവികസനത്തിന്

ഉപയോഗപ്പെടത്തക്കരീതിയിൽ പ്രവാസികളെക്കൂടി ഉൾപ്പെടുത്തി ഫണ്ട് സമാഹരിക്കും. സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ സമഗ്രവും സർവ്വതലസ്പർശിയുമായ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ദേശീയപാത നാലുവരിയാക്കുന്നതോടൊപ്പം സ്ഥലം നഷ്ടപ്പെടുന്നവരുടെ പുനരധിവാസത്തിനാവശ്യമായ നടപടിയും സ്വീകരിക്കും. ദേശീയ ജലപാതാ വികസനം പൂർത്തീകരിക്കാനും 'ഗെയിൽ' പൈപ്പ്ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്കയകറ്റാനും നടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതി പ്രസരണശൃംഖലാ വികസനത്തിനാവശ്യമായ ലൈൻ വലിക്കേണ്ട പ്രവൃത്തി പൂർത്തിയാക്കുന്നതിനും തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങളുടെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും ടൂറിസം മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എയർസ്ട്രിപ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയ നടപടികൾ സ്വീകരിക്കും. സാധാരണക്കാരുടെ ജീവിതം സുഗമമാക്കാൻ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഐ.ടി. പോളിസി പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതാണ്. നികുതി ചോർച്ച തടയുന്നതിനും ടാക്സ് ഡിസ്പ്യൂട്ട് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കും. നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് കാർഷിക മേഖലയെ ലാഭകരമാക്കാനും കൂടുതൽ ആളുകളെ

കൃഷിയിലേയ്ക്ക് ആകർഷിക്കാനും ഗവൺമെന്റ് ലക്ഷ്യമിടുന്നു. ടൂറിസം രംഗത്ത് പുതിയ ഡെസ്റ്റിനേഷനുകൾ സ്ഥാപിക്കുന്നതിനും പുതിയ മേഖലകൾ ഉൾപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും തീർത്ഥാടന വിനോദസഞ്ചാരം സംഘടിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കും. പരിസ്ഥിതി സംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകുന്നതിനും കേരള സ്റ്റേറ്റ് എൻവയോൺമെന്റൽ ഏജൻസി സ്ഥാപിക്കുന്നതിനും മോസ്റ്റ് ഇൻവെസ്റ്റർ ഫ്രെണ്ട്‌ലി സ്റ്റേറ്റാക്കി  കേരളത്തെ മാറ്റുന്നതിനും ചെറുകിട വൻകിട പൊതുമേഖലാ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഇൻഡസ്ട്രിയൽ പോളിസി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കും. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പിലാക്കും. റേഷൻ കാർഡ് കാലോചിതമായി പരിഷ്ക്കരിച്ച് അർഹതപ്പെട്ടവർക്ക്  ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പൊതുഗതാഗതത്തിന് പ്രത്യേക പരിഗണന നൽകി ഇന്റഗ്രൽ ട്രാൻസ്പോർട്ട് സിസ്റ്റത്തിന് ഗവൺമെന്റ് ലക്ഷ്യമിടുന്നു. സമഗ്ര ആരോഗ്യനയം നടപ്പിലാക്കും.  സർക്കാർ ആശുപത്രികളിൽ എല്ലാവിധ ചികിത്സകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പൊതുവിദ്യാലയങ്ങളുടെ വിദ്യാഭ്യാസ നിലവാരമുയർത്താനും അവയെ സംരക്ഷിക്കാനും  പോലീസ് സംവിധാനം കാലാനുസൃതമായി പരിഷ്ക്കരിക്കാനും

ആധുനികവത്ക്കരിക്കാനും സൈബർ ക്രൈം ഡിപ്പാർട്ടുമെന്റിനെ നവീകരിക്കാനും അന്താരാഷ്ട്ര നിലവാരമുള്ള ഫോറൻസിക് ലാബ് സ്ഥാപിക്കാനും നടപടി സ്വീകരിക്കും. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനും പോലീസ് സേനയിൽ കൂടുതൽ വനിതാ പോലീസുകാരെ നിയമിക്കുന്നതിനും വനിതാ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വിപണനസാധ്യത കണ്ടെത്താൻ ശ്രമിക്കും. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് മുൻഗണന നൽകും. കാർഷിക സ്വയംപര്യാപ്തതയും എല്ലാവർക്കും പാർപ്പിടവും നീതിയുക്തമായ ഭരണസംവിധാനവും നടപ്പാക്കുന്നതോടൊപ്പം അഴിമതി ഇല്ലായ്മ ചെയ്യാനും ശ്രമിക്കും. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയം 31-നെതിരെ 89 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.12-ന് പിരിഞ്ഞു.

****